

# വെളിച്ചമേ നയിക്കുക

## സാഹിത്യ, സാംസ്കാരിക, രാഷ്ട്രീയ വിമർശകനും വാഗ്മിയും എന്നതിലുപരി കേരളത്തിന്റെ തത്ത്വചിന്തകനാണ് സുകുമാർ അഴീക്കോട്

■ തുറവൂർ വിശ്വംഭരൻ

എന്റെ കൈയിൽ രണ്ടു 'തത്ത്വമസി'കൾ ഉണ്ട്. ഒന്നു ഞാൻ വാങ്ങിയതും, രണ്ടാമത്തേത് അഴീക്കോട് ഒപ്പിട്ട് എനിക്കു സമ്മാനിച്ചതുമാണ്. സമ്മാനിച്ച ഗ്രന്ഥം രണ്ടായിരത്തിൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ചതും, വാങ്ങിയഗ്രന്ഥം 1984-ൽ സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ചതുമാണ്. മലയാള ഗ്രന്ഥങ്ങളുടെ വിപണന ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ ഗ്രന്ഥമെന്ന യശസ്സ് 'തത്ത്വമസി' ഇതിനകം നേടിക്കഴിഞ്ഞിട്ടുണ്ട്. പതിനാറുവർഷത്തിനിടയിൽ പതിനൊന്നു പുനഃപ്രകാശനങ്ങൾ. ചങ്ങമ്പുഴയുടെ 'രമണ'നോടാണ് ഈ ഗ്രന്ഥത്തിന്റെ മത്സരം. ഒരു ചരിത്രസംഭവം.

കോഴിക്കോടു സർവകലാശാലയിൽ പഠിച്ചിരുന്നെങ്കിൽ ഞാൻ അഴീക്കോടിന്റെ വിദ്യാർത്ഥി ആകുമായിരുന്നു. അദ്ദേഹത്തിന്റെ വിദ്യാർത്ഥിയായില്ല എന്നു വച്ച് എനിക്ക് അദ്ദേഹത്തിനോടുള്ള ബഹുമാനത്തിന് ഒരു കുറവുമില്ല. പക്ഷേ, അദ്ദേഹത്തെ സംബന്ധിച്ച് ഞാൻ വച്ചു പുലർത്തുന്ന ബഹുമാനം, ഒരിക്കലും അദ്ദേഹത്തിന്റെ ആശയങ്ങളേയും അഭിപ്രായങ്ങളേയും പ്രതികൂലമായി വിമർശിക്കുന്നതിന് പ്രതിബന്ധമായിട്ടില്ല. സാഹിത്യത്തിന്റെയും ദർശനത്തിന്റേയും അനൗപചാരികാദ്ധ്യാപകനായ മാരാരോടും, നമ്മുടെ സംസ്കാരത്തിന്റെ വിവിധ ഫലഭൂയിഷ്ഠതകളിൽ വേരൂന്നിനിൽക്കുന്ന എം.ടി. വാസുദേവൻ നായരോടും ഇതേ ബഹുമാനം തന്നെയാണ് എനിക്കുള്ളത്. എന്നാലും, ഇവരെക്കുറിച്ച്, പലപ്പോഴും അപ്രിയസത്യം രേഖപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. വിരുദ്ധമായ ധാരണകൾ ഉണ്ടെങ്കിൽ ഒഴിവാക്കാനാണ് ഈ ഒരു സത്യപ്രതിജ്ഞ.

ആറുപതിറ്റാണ്ടുകാലം കേരള ജനതയെ സംസ്കാരത്തിന്റെ വിശുദ്ധിയിൽ ജ്ഞാനസ്നാനം ചെയ്ത് ആത്മവിശ്രാന്തിയിലേക്കു നയിച്ച ആചാര്യനാണ് അഴീക്കോട്. സംഘടനകളുടേയോ രാഷ്ട്രീയ പാർട്ടികളുടെയോ സംയുക്തശക്തിയുടേയും അധികാരത്തിന്റെയും പിൻബലമില്ലാതെ, ദീർഘകാലം, പ്രതിജ്ഞാബദ്ധമായ ഒരു അക്ഷൗഹിണിപ്പടയുടെ യുദ്ധസാമാർത്ഥ്യത്തോടെ, താൻ സ്വയമേറ്റെടുത്ത പ്രബോധന പ്രതിജ്ഞ അദ്ദേഹം നിർവഹിച്ചു. വിദ്യാഭ്യാസവും വായനാശീലവുമില്ലാത്ത സാധാരണക്കാരുടെ ഇടയിൽപ്പോലും അഴീക്കോടിന് ശ്രോതാക്കളും ആരാധകന്മാരുമുണ്ടായി. എഴുത്തല്ല, പ്രഭാഷണമാണ് ഈ രണ്ടാം വാഗ്ഭടാനന്ദന്റെ സമരായുധം. പ്രഭാഷണവേളയിലാണ്, എഴുത്തിലല്ല അദ്ദേഹത്തിന്റെ പ്രതിഭ ജ്വലിക്കുന്നത്. അതിനു മുൻപു ചിന്തിച്ചിട്ടില്ലാത്ത ആശയങ്ങൾ, അതിനു മുൻപു ഭാവന ചെയ്തിട്ടില്ലാത്ത കാവ്യബിംബങ്ങളിലൂടെ അവതരിപ്പിക്കാനുള്ള കലാസിദ്ധി വാഗ്മികളിൽ അഴീക്കോടിനു മാത്രമുള്ള മൗലികതയാണ്.

### സാഹിത്യരചനയിൽ

നമ്മുടെ പ്രമുഖരായ എല്ലാ കവികളും സാഹിത്യകാരന്മാരും അഴീക്കോടിന്റെ നിരൂപകവീക്ഷണത്തിൽ വിയർക്കുകയോ കുളിർക്കുകയോ ചെയ്തിട്ടുള്ളവരാണ്. ആയുർവേദ പഠനത്തിൽനിന്നു കോമേഴ്സിലേക്കും, അതിൽനിന്ന് മലയാള-സംസ്കൃത ഭാഷാ സാഹിത്യപഠനങ്ങളിലേക്കും വ്യാപിച്ച വിദ്യാഭ്യാസ ദർശനങ്ങളുടെ പഠനത്തിന് ഉപയുക്തമായ അസ്തിവാരമില്ലായിരുന്നു. ഇവിടെ ഒരു സംശയം ജനിക്കാം. സംസ്കൃത ഭാഷയിലെ വ്യുത്പത്തി അതിലെ മറ്റു ശാസ്ത്രങ്ങളും ദർശനങ്ങളും പഠിക്കാൻ സഹായിക്കുമല്ലോ എന്നതാണ് ആ സംശയം. സാഹിത്യം, വ്യാകരണം, ന്യായം, വേദാന്തം എന്നിങ്ങനെയുള്ള തരംതിരിവിനുതന്നെയുള്ള കാരണം ഓരോന്നും വെവ്വേറെ പഠിക്കേണ്ടിയിരിക്കുന്നു എന്നതാണ്. ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയ വ്യക്തി യൂറോപ്യൻ തത്ത്വചിന്ത പഠിക്കാനോ പഠിപ്പിക്കാനോ വേണ്ട പ്രാഥമിക യോഗ്യത നേടിയ ആളല്ല. സംസ്കൃത സാഹിത്യപഠനവും അതുപോലെയാണ്. ഭാഷയുടേയും





സാഹിത്യത്തിന്റേയും പഠനം വേദാന്തപഠനത്തിന് ആവശ്യമായ അക്ഷരമാലാ പരിജ്ഞാനം പോലും നൽകുന്നില്ല. വസ്തുതയുടെ സ്ഥിതി ഇപ്രകാരമിരിക്കെയാണ് 'തത്ത്വമസി' എന്ന ജ്ഞാനവാക്യത്തെ ആസ്പദമാക്കി അഴീക്കോട് സാംസ്കാരിക കേരളം മാറിടത്തിലേറ്റി ലാളിച്ച, അതേപേരിൽ വിഖ്യാതമായ ഗ്രന്ഥം രചിച്ചത്. ആ രചന അനുഗ്രഹകരമായ ഒരു സാഹസമായിരുന്നു. അതിന്റെ സത്ഫലം നമ്മുടെ വിചിന്തന സാഹിത്യത്തെ സമ്പന്നവും പരിപുഷ്ടവുമാക്കി. എന്നാലും, ഒന്നോർക്കുക: ജ്ഞാനാന്വേഷണത്തിന്റെ വഴി സാഹസികതയുടേതല്ല.

മുണ്ടശ്ശേരിയും മാരാരും സാഹിത്യനിരൂപണത്തിന്റെ ദുർബലമായ കാഴ്ചത്തട്ടിൽ അതു തകർക്കുന്ന ദുശ്ശാസന വേഷങ്ങൾ ആടിക്കൊഴുപ്പിച്ചുകൊണ്ടിരിക്കേയാണ് അഴീക്കോടിന്റെ 'ആശാന്റെ സീതാകാവ്യം' എന്ന മിനുക്കുവേഷം നിരൂപണരംഗത്തേയ്ക്കു പ്രവേശിക്കുന്നത്. ഭാവസങ്കീർണ്ണതയുടെ അപഗ്രഥനക്ലിഷ്ടതയുള്ള 'ചിന്താവിഷ്ടയായ സീത' അതിൽ സമ്പൂർണ്ണമായിപ്പഠിച്ച്, മൂല്യം നിർണ്ണയിച്ച് അവതരിപ്പിച്ചു.

"കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ ഭാഷാസാഹിത്യത്തിൽ ആത്മാർത്ഥതയുടേയും ആലോചനാശീലത്തിന്റെയും വ്യക്തിത്വം പൂണ്ട വല്ല ശബ്ദങ്ങളും നിങ്ങൾ മുഴങ്ങിക്കേട്ടിട്ടുണ്ടെങ്കിൽ അതിൽ അതിപ്രധാനമായ ഒന്ന് സുകുമാർ അഴീക്കോടിന്റേതാണ്. സാംസ്കാരികരംഗത്തെ അചഞ്ചലനും നിർഭീകനുമായ ഈ യുവയോധൻ നമ്മുടെ സാഹിത്യത്തിനും സംസ്കാരത്തിനും വിശ്വാസ്യമായ ഒരു വാഗ്ദാനമാകുന്നു. യുവത്വത്തിന്റെ അപ്രധൃഷ്യതയും വാർദ്ധക്യത്തിന്റെ പരിപക്വതയും ഒരേ അവസരത്തിൽത്തന്നെ നാം അദ്ദേഹത്തിന്റെ സ്വരത്തിൽ ഹൃദയാഹ്ലാദകരമായി ഇണങ്ങിച്ചേർന്നുകാണുന്നു."–'ആശാന്റെ സീതാകാവ്യ'ത്തിന്റെ അവതാരികയിൽ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ.

'രമണനും മലയാള കവിതയും', 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു', 'മലയാള സാഹിത്യ വിമർശനം', 'മലയാള സാഹിത്യ പഠനങ്ങൾ', 'വിശ്വസാഹിത്യപഠനങ്ങൾ' 'ഖണ്ഡനവും മണ്ഡനവും' എന്നീ സാഹിത്യ നിരൂപണകൃതികളിലും ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ പ്രകടിപ്പിച്ച അഭിപ്രായത്തിന് സാംഗത്യമുണ്ട്.

## അഴീക്കോടും തത്ത്വമസിയും

മലയാളത്തിൽ നല്ല നോവലുകളും നല്ല നോവലിസ്റ്റുകളുമുണ്ട്. വലിയ കവികളും വലിയ കാവ്യങ്ങളുമുണ്ട്. വലിയ നിരൂപകരും വലിയ വിമർശകരുമില്ല. എഴുത്തച്ഛനും, നമ്പ്യാരും, ചെറുശ്ശേരിയും നിൽക്കട്ടെ. ആശാന്റേയും, ഉള്ളൂരിന്റേയും, വള്ളത്തോളിന്റേയും കൃതികൾ സൗന്ദര്യദർശനത്തിന്റെ അടിസ്ഥാനത്തിൽ ഇനിയും ആസ്വദിക്കപ്പെട്ടിട്ടില്ല. ജി. ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, കുഞ്ഞിരാമൻനായർ, വൈലോപ്പിള്ളി എന്നിവരും സൂക്ഷ്മദൃഷ്ടികളുടെ നിഷ്പക്ഷമായ അവലോകനത്തിനു പാത്രമാകാതെ അവശേഷിക്കുന്നു. സാഹിത്യാസ്വാദകന്മാരെന്നോ, നിരൂപകന്മാരെന്നോ അല്ല; മാരാരേയും മുണ്ടശ്ശേരിയേയും വിശേഷിപ്പിക്കേണ്ടത്. സാഹിത്യാവദൂഷകന്മാരെന്നാണ്, സ്വമഹത്ത്വീകരണവാദികളെന്നാണ്; കൃതികളെ ആസ്പദമാക്കി സ്വവ്യക്തിത്വത്തെ പ്രകീർത്തിക്കുന്നവർ. ഈ അവസ്ഥയ്ക്ക് അഴീക്കോടിന്റെ സാഹിത്യനിരൂപണം എന്തെങ്കിലും മാറ്റം വരുത്തിയോ? ഒരു ചോദ്യം ചോദിച്ചുവിടുന്നു എന്നേ ഉള്ളൂ. അത് ലക്ഷ്യത്തിൽ ചെന്നു തറയ്ക്കണമെന്നോ, ഉന്നംപിഴച്ച് നിലംപതിക്കണമെന്നോ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സാഹിത്യത്തെ പ്രേമിച്ചു വിവാഹം കഴിച്ച് പിന്നീടു കലഹപൂർണ്ണമായ ദാമ്പത്യജീവിതത്തിന്റെ നിത്യവന്ധ്യതയിൽ വിരസതതോന്നുമ്പോൾ വശീകരിച്ചു വശത്താക്കാനുള്ള രണ്ടാം കാമുകിയല്ല അദ്വൈതദർശനം. അതൊരു ഉപാസനാമൂർത്തിയാണ്. ഉപാസനയെന്നാൽ രണ്ടെന്ന പ്രാതിഭാസികബോധത്തിന്റെ അനുക്രമമായ അന്തിമനിരാസമാണ്. കമ്മ്യൂണിസത്തിൽ മാർക്സ് നിരീക്ഷിച്ചിരിക്കുന്നതു പോലെ



യുള്ള ഒരു കൊഴിഞ്ഞുപോക്കാണ്. സ്റ്റേറ്റിന്റെ കൊഴിഞ്ഞുപോക്കല്ല എല്ലാ ദ്വൈതബോധത്തിന്റേയും, പാടുപോലും അവശേഷിക്കാത്ത വിധത്തിലുള്ള, നിശ്ശേഷമായ കൊഴിഞ്ഞുപോക്കാണ്. അത് ഒരേ സമയത്തുതന്നെ ഭൗതികവും അഭൗതികവുമാണ്.

ആത്മാവ് എന്നത് ഒരു ദാർശനിക സംജ്ഞയാണ്. അത് തത്ത്വചിന്താപരവും ശാസ്ത്രീയവുമാണ്. മനുഷ്യനെ നിലനിർത്തുന്ന ജീവനെന്നും ചൈതന്യമെന്നും മാത്രമല്ല അതിനർത്ഥം. ലോകചിന്തയ്ക്ക്, ഇതുവരെ പ്രാപിക്കാൻ കഴിഞ്ഞിട്ടുള്ളതിൽവച്ച് ഏറ്റവും അന്തിമമായ തത്ത്വമാണത്. അതിനപ്പുറത്തേയ്ക്ക് മനുഷ്യന് അവന്റെ ജ്ഞാനേന്ദ്രിയങ്ങൾകൊണ്ടും മനോബുദ്ധികൾകൊണ്ടും പ്രവേശിക്കാൻ സാദ്ധ്യമല്ല. ഖഗോളശാസ്ത്രത്തിനും, കണികാബലതന്ത്രത്തിനും, ബഹിരാകാശഗവേഷണത്തിനും, ജീവശാസ്ത്രത്തിനും ആത്മാവിനെ കണ്ടെത്തിയ ജ്ഞാനശാസ്ത്രത്തിന്റെ ചക്രവാളസീമയ്ക്ക് അപ്പുറത്തേയ്ക്ക്, തർക്കശാസ്ത്രപരമായി ആലോചിക്കുമ്പോൾ, മനുഷ്യപ്രജ്ഞ എന്നെങ്കിലുമെത്തിച്ചേരുമെന്ന് അനുമാനിക്കാൻ യുക്തികളില്ല. കാലദേശനിമിത്തങ്ങളുടെ ചാക്രികമായ അതിർത്തികൾക്കകത്താണ് മനുഷ്യബുദ്ധിയുടെ സ്ഥിരതാമസം. അത് ആധുനിക യന്ത്രോപകരണങ്ങളുടെ പടുസൂക്ഷ്മതകൊണ്ട് തുളച്ചു പുറത്തുകടക്കാമെന്ന് വിചാരിക്കരുത്. കാരണം, ഈ യന്ത്രോപകരണങ്ങളുടെ നിർമ്മാതാവ് മനുഷ്യൻ തന്നെയാണ്. മനുഷ്യന്റെ ധൈഷണികമായ പരിമിതിയുടെ കുടവട്ടം, കുട എത്ര മുഴുത്തതായാലും, അവന്റെ യന്ത്രസാമഗ്രികളേയും ബാധിക്കും. ഈ പരിമിതി സാക്ഷാത്ക്കരിച്ച ഋഷിമാരെന്ന ശാസ്ത്രജ്ഞർ ബോധത്തെ സത്യാന്വേഷണത്തിന്റെ സൂക്ഷ്മയന്ത്രോപകരണമാക്കി മാറ്റി ദേശകാല നിമിത്തങ്ങളുടെ പരിമിതിയെ ഉല്ലംഘിച്ചു. ബോധത്തെ സത്യാന്വേഷണത്തിന്റെ യന്ത്രോപകരണമാക്കി മാറ്റുന്ന മാസ്മരവിദ്യയുടെ ആദ്യത്തെപ്പടിയാണ് ഉപാസന.

### വേദാന്തത്തിന്റെ പരിചയപ്പെടുത്തൽ

ഉപാസന ധ്യാനമായും, ധ്യാനം സമാധിയായും, സമാധി





ഫോട്ടോ: പുനലൂർ രാജൻ

നിദിദ്ധ്യാസവുമായും മാറുമ്പോൾ അത് ബ്രഹ്മവിദ്യയിലെ പരീക്ഷണങ്ങളും നിരീക്ഷണങ്ങളുമായി പരിണമിക്കും. ഭൗതികശാസ്ത്രത്തിലും പ്രകൃതിശാസ്ത്രത്തിലും മാത്രമല്ല പരീക്ഷണനിരീക്ഷണങ്ങളുള്ളത്. ഭൗതികജീവിതത്തിന്റെ എല്ലാ വശങ്ങളും ആദ്ധ്യാത്മിക ജീവിതത്തിൽ അന്തർഭവിച്ചിരിക്കുന്നു. അതിനാൽ ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രത്യക്ഷമായ ഒരു ശാഖ മാത്രമാണ് ഭൗതികജീവിതം. ആത്മീയമായ പരീക്ഷണനിരീക്ഷണങ്ങളിലൂടെ ഋഷിമാർ കണ്ടെത്തിയിട്ടുള്ള പരമമായ പ്രപഞ്ചശാസ്ത്രസത്യം കെട്ടുകഥപോലെ അവിശ്വസനീയവും, അതുപോലെതന്നെ, പരമാർത്ഥികവുമാണ്.

'ധ്യാനം, ഏകത്വം, ഊർജ്ജതന്ത്രം' എന്ന കൃതിയിൽ അന്തരീക്ഷോർജ്ജതന്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദം നേടിയ ഗ്ലെൻ കെസ്വർ (Glen Kezwer) ആദ്ധ്യാത്മിക ശാസ്ത്രത്തിന്റേയും ഊർജ്ജതന്ത്രത്തിന്റേയും പരീക്ഷണശാലകളെ താരതമ്യം ചെയ്ത് അവയുടെ പുരോഗതിയുടെ വിവിധ പടവുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. (Meditation, Oneness and Physics: Glen Peter Kezwer. 2009. P 19).

അണുവിന്റെ ഘടകങ്ങളിലൊന്നായ പ്രോട്ടോണിന്റെ ദശലക്ഷം കോടിയിലൊരംശം മാത്രം വലിപ്പമുള്ള ഒരു അതിസൂക്ഷ്മവസ്തുവാണ് ഇന്ന് നാം കാണുന്ന പ്രപഞ്ചത്തിന്റെ ആദിമരൂപമെന്ന അവിശ്വസനീയമായ സത്യം നമുക്ക് വിശ്വസിക്കാതെ നിവൃത്തിയില്ല. ഈ അതിസൂക്ഷ്മരൂപം ഒരു സെക്കന്റിന്റെ പതിനായിരം കോടിക്കോടിക്കോടിക്കോടിയിലൊരംശം സമയം കൊണ്ടു ക്രമേണ വികസിച്ചു പരിണമിച്ചു വന്നുവെന്നും നമുക്ക് വിശ്വസിക്കേണ്ടി വരും. കാരണം, ഈ സൈദ്ധാന്തിക സങ്കല്പം മാക്സ് പ്ലാങ്ക്, വില്ലം ഡി സിറ്റർ ആൻഡ്രേ ലിൻഡേ, ജോർജ് ഗാമോവ്, പോൾ സ്റ്റെയിൻഹാർട്ട് തുടങ്ങിയ അനേകം ശാസ്ത്രജ്ഞന്മാരുടെ ധൈഷണിക ഗവേഷണത്തിന്റെ സംയുക്തഫലമാണ്. ഇത് വിശ്വസിക്കുന്നതിന്റെ അലൗകിക യുക്തി തന്നെയാണ് ആത്മാവെന്ന ബ്രഹ്മതത്ത്വത്തിലും ഋഷിമാർ പ്രയോഗിച്ചിരിക്കുന്നത്. ഭൗതികശാസ്ത്രജ്ഞന്റെ അനുമാനം വിശ്വസിക്കുകയും ഋഷിയുടെ ദർശനം അവിശ്വസിക്കുകയും ചെയ്യുന്നത് ശരാശരി ബുദ്ധിയുടെ ഭാവം കൊണ്ടല്ല; കാപട്യത്തിന്റെ ഭീരുത്വം കൊണ്ടാണ്.

ബ്രഹ്മതത്ത്വത്തിന്റെ സാക്ഷാത്ക്കാരമാണ് അദ്വൈതദർശനത്തിന്റെ അനുഭൂതിതലം. ആ അനുഭൂതി തലത്തിൽനിന്നുള്ള അചഞ്ചലമായ പ്രഖ്യാപനമാണ് 'തത്ത്വമസി' എന്നത്. നാം വായിച്ചും പഠിച്ചും ഓർമ്മിച്ചും അറിയുന്നത് അനുഭൂതിയുടെ ജഡമാണ്. സുദീർഘമായ ജീവിതത്തിൽ, ഏതെങ്കിലുമൊരു നിമിഷത്തിന്റെ നുറുങ്ങു വൃത്തത്തിൽ, സമസ്ത ജീവിതാനുഭവങ്ങളുടെയും വൈകാരിക സംഘർഷങ്ങൾ എരിഞ്ഞടങ്ങി പരമാനന്ദത്തിന്റെ സൗമ്യശാന്തിയിൽ അഴീക്കോട് മുഴുകിയിട്ടുണ്ടോ എന്നാണ് 'തത്ത്വമസി' വായിക്കുമ്പോൾ ഞാൻ ആലോചിച്ചുകൊണ്ടിരുന്നത്. ഇത് ഉത്തരത്തിനുവേണ്ടിയുള്ള ചോദ്യമല്ല. ഒരു ചോദ്യം എയ്തുവിട്ടു എന്നുമാത്രം.

വേദങ്ങളും ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉപനിഷത്തുകളും വായിച്ചു ഗ്രഹിച്ചിട്ടില്ലാത്ത സാധാരണ വായനക്കാർക്ക് ഇവയിൽ പ്രതിപാദിച്ചിരിക്കുന്ന ജ്ഞാനശാസ്ത്രം പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ 'തത്ത്വമസി' ചെയ്തുകൊണ്ടിരിക്കുന്ന ജ്ഞാനസേവനം അതിമഹത്താണ്. വേദോപനിഷത്തുകളെക്കുറിച്ച്, ഇതുവരെ ചിന്തിച്ചിട്ടുള്ള എല്ലാ ചിന്തകളും ചിന്തകന്മാരും 'തത്ത്വമസി'യിൽ സ്ഥാനം പിടിച്ചുണ്ട്. ഈ ചിന്തകന്മാരോടും ചിന്തകളോടും അനുകൂലിക്കേണ്ടിടത്ത് അനുകൂലിച്ചും പ്രതികൂലിക്കേണ്ടിടത്ത് പ്രതികൂലിച്ചും സ്വാഭിപ്രായം അഴീക്കോട് സ്ഥാപിച്ചിട്ടുണ്ട്. പ്രതിപാദ്യത്തിന്റെ ഗഹനത ചോർന്നു പോകാത്ത വിധത്തിൽ പ്രതിപാദ്യം സാധാരണ വായനക്കാരെ ഉദ്ദേശിച്ച് ലളിതമാക്കാൻ നടത്തിയിരിക്കുന്ന രചനാപരമായ ശ്രമം ഒരു തത്ത്വചിന്താഗ്രന്ഥം വായിക്കുന്നതിന്റെ വൈരസ്യത്തിൽനിന്ന് മോചനം നൽകുന്നു. ഉപനിഷത്തുകളിലെ ആശയങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത് പോൾ ഡോയ്സന്റെ കൃതികളിലെ സംവിധാന രീതിയെ ആസ്പദമാക്കിയാണ്. ഡോയ്സൻ യുക്തിപൂർവം ഉപനിഷത്തുകൾ പഠിച്ച് അഭിപ്രായം സ്വരൂപിച്ചവരിൽ പ്രമുഖനാണ്. സാംസ്കാരികമായ കൃതജ്ഞതയ്ക്ക് അർഹനാണ് അദ്ദേഹം. എന്നാലും പ്ളേറ്റോ മുതൽ കാന്റുവരെയുള്ള യൂറോപ്പിലെ തത്ത്വചിന്തകന്മാരുടെ ചിന്തകൾ കൊണ്ടു തഴമ്പുപിടിച്ചതാണ് അദ്ദേഹത്തിന്റെ പ്രതിഭ. അതുകൊണ്ട്, ഉപനിഷത്തുകളിലെ ആശയപ്രപഞ്ചത്തിന്റെ ആഴവും പരപ്പും അളന്നു തിട്ടപ്പെടുത്താൻ ഡോയ്സന്റെ അളവുകോൽ, അപര്യാപ്തമാണെന്നു തോന്നിയിരിക്കുന്നു. ജലദോഷം ബാധിച്ച മൂക്കുകൊണ്ട് സുഗന്ധമനുഭവിക്കുന്നതുപോലെയുള്ള ഒരു യത്നമായിരുന്നു ഡോയ്സന്റേത്.

ഉപനിഷത്തുകളെ സംബന്ധിച്ച് അഴീക്കോട് നടത്തിയിരിക്കുന്ന പൊതുനിരീക്ഷണം ഇങ്ങനെയാണ്: "മനുഷ്യാത്മാവിൽ നിന്നുയരുന്ന മൗലികപ്രശ്നങ്ങളുടെയും ഉത്തരങ്ങളുടെയും ആദിരൂപങ്ങൾ ഉപനിഷത്തുകളിൽ നമുക്ക് കാണാം. ഇത്രയും പഴയ തത്ത്വചിന്ത ലോകത്തിൽ വേറെ ഇല്ലെന്നു പറയുമ്പോൾ, ഇക്കാലത്തും ജീവിച്ചുനിൽക്കുന്ന ഇത്രയേറെ പഴയ തത്ത്വചിന്ത വേറെ ഒരിടത്തും ഇല്ലെന്നു കൂടി ധരിക്കണം. ആ പഴയ കാലത്ത് ഇത്ര ഗഹനമായ ഒരു ചിന്താപ്രസ്ഥാനം ഇന്ത്യയിൽ ഉടലെടുത്തു എന്നതിനേക്കാൾ വിസ്മയകരമായി നമുക്കുതോന്നുക, ഈ അദൃശ്യഹിമാലയത്തിന്റെ തുംഗശൃംഗങ്ങളിൽ തെളിഞ്ഞുകിടക്കുന്ന തുഷാരബിന്ദുക്കൾ അലിഞ്ഞുചേരാത്ത നവവിചാരങ്ങൾ ഇവിടെ ഒരിക്കലും സ്ഫുരിച്ചിട്ടില്ല എന്നതായിരിക്കും."

(തത്ത്വമസി. പേ. 25. എസ്.പി.സി.എസ്.)

### താളുകൾ മറിക്കുമ്പോൾ

ഈ പൊതുനിരീക്ഷണത്തിലെ കണ്ടെത്തൽ മതി സാധാരണ വായനക്കാരന് ഉപനിഷദാശയ സംഹിതയുടെ ഔന്നത്യവും മാഹാത്മ്യവും അതുല്യതയും മനസ്സിലാക്കാൻ. സ്വന്തം ജീവിതം സംസ്കാരപഠനത്തിനു സമർപ്പിച്ച അസാധാരണ ചരിതനായ ഒരു മഹാപുരുഷന്റെ സ്വരമാണ് ഇതിൽ മുഴങ്ങിക്കേൾക്കുന്നത്.





മൂന്നു ഭാഗങ്ങളായി വിഭജിച്ചാണ് ഗ്രന്ഥത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ ആറ് അദ്ധ്യായങ്ങളും രണ്ടാം ഭാഗത്തിൽ പത്ത് അദ്ധ്യായങ്ങളും മൂന്നാം ഭാഗത്തിൽ അഞ്ച് അദ്ധ്യായങ്ങളുമാണുള്ളത്.

ഒന്നാം ഭാഗത്തിൽ ഉപനിഷത്തിനെ നിർവചിച്ചിട്ട് സാമാന്യമായ പഠനമാണ് നടത്തിയിരിക്കുന്നത്. അത് ഉപനിഷത്തിന്റെ സന്ദേശമെന്തെന്ന് വിശദമാക്കിക്കൊണ്ട് പര്യവസാനിക്കുന്നു. ഇത് ആവർത്തിച്ചു വായിച്ചു ഹൃദിസ്ഥമാക്കിയാൽ ഇന്ത്യയുടെ ഉപനിഷദ് സംസ്കാരത്തെക്കുറിച്ചുള്ള സാമാന്യാവബോധം മൂലകൃതികൾ വായിച്ചിട്ടില്ലാത്ത ആർക്കും ലഭിക്കും. ജിജ്ഞാസുക്കൾക്ക് മൂലകൃതികൾ വായിക്കാനുള്ള പ്രേരണയും നൽകും. രണ്ടാം ഭാഗത്തിൽ പ്രധാനപ്പെട്ട പത്ത് ഉപനിഷത്തുക്കളുടെ അന്തർമ്മണ്ഡലങ്ങളിലേക്ക് വെളിച്ചം വീശുകയാണ്. ഈശം, കേനം, കഠം, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, തൈത്തിരീയം, ഐതരേയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം എന്നിവയാണ് ആ പത്തിലുള്ളത്.

**പൈതൃകധനമായ ചിത്തശുദ്ധി**

ഓരോ ഉപനിഷത്തും വിശദമായി പഠിച്ച് വിലയിരുത്തുകയാണ് ഈ ഭാഗത്തിൽ. പണ്ഡിതന്മാർ, പാശ്ചാത്യരും ഭാരതീയരും പ്രകടിപ്പിച്ചിട്ടുള്ള വിഖ്യാതമായ അഭിപ്രായങ്ങളും ഈ വിശദമായ പഠനത്തിൽ വിമർശിക്കുന്നുണ്ട്. യോജിക്കേണ്ടവയോട് യോജിച്ചും വിയോജിക്കേണ്ടവയോട് വിയോജിച്ചും സ്വമതവും സ്ഥാപിക്കുന്നു. ഡോ. എസ്. രാധാകൃഷ്ണനോടും പോൾ ഡോയ്സനോടും മാക്സ്മുള്ളറോടും ശങ്കരാചാര്യരോടും സമുചിതമായ സന്ദർഭങ്ങളിൽ, ബഹുമാനവും ആദരവും കെട്ടുപോകാതെ അഴീക്കോട് വിയോജിക്കുമ്പോൾ നമുക്ക് അദ്ദേഹത്തിന്റെ വാദത്തോടാണ് ആഭിമുഖ്യം തോന്നുക.

ഉദാഹരണം: "ബ്രഹ്മം പോലെ ജഗത്തും ആത്മസ്വരൂപമാണെങ്കിൽ-അല്ലെങ്കിൽ 'ഇത്' പൂർണ്ണമാണെന്നു പറയാൻ എങ്ങനെ കഴിയും?- ജഗത്തിനും ഈശ്വരനും തമ്മിൽ വ്യത്യാസമില്ലെന്ന ഈശാവാസ്യന്റെ നിലപാട് അംഗീകരിക്കാതെ നിവൃത്തിയില്ല. ശാന്തിപാഠ വ്യാഖ്യാനത്തിൽ ആചാര്യർ ആവിഷ്കരിച്ച ചിന്തയ്ക്ക് ഉപനിഷത്തിന്റെ വ്യാഖ്യാനത്തിൽ അല്പം പാളിച്ച വന്നില്ലേ എന്നു വിനീതമായി സംശയിക്കുന്നു." (പേജ് 191)

ശങ്കരഭഗവത്പാദരോട് ഭക്തിയുള്ള ആർക്കും ഒരുപക്ഷേ, ആചാര്യനു തന്നെ സമ്മതമാവാത്തക്കവിധത്തിൽ അവധാനപൂർവ്വമാണ് ഈ വിയോജിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രപഞ്ചതത്ത്വാവധാരണത്തിൽ ഇത്ര ഭീകരബുദ്ധിയും സത്യസ്ഥാപന തർക്കകുശലനുമായ ഒരാചാര്യൻ ശങ്കരനെപ്പോലെ ലോകത്തിൽ മറ്റൊരാളില്ല. അഴീക്കോടിന്റെ അതിവിനീതമായ ഈ സംശയത്തിന് ശങ്കരാചാര്യർക്ക് ഒരു മറുപടിയുണ്ടാകുമല്ലോ. അദ്ദേഹത്തിന്റെ എതിർവാദങ്ങൾ ബുദ്ധനേയും കപിലനേയും പതഞ്ജലിയേയും ജൈമിനിയേയും മൂകരാക്കിയതാണ്. നേരിട്ടല്ല; പിന്നീട്. അമ്പൊടുങ്ങാത്ത ധിഷണയാണ് ശങ്കരന്റേത്. കത്തിത്തീരാത്ത പ്രതിഭയും ജരബാധിക്കാത്ത ഭാവനയും. ആചാര്യർ പറയേണ്ട മറുപടി, ഇവിടെ, ഞാൻ പറയുന്നത് അനുചിതമായിരിക്കും. വിനയം കൊണ്ടാണെന്ന് തെറ്റിദ്ധരിക്കരുത്.

രാധാകൃഷ്ണനോടുള്ള വിയോജിപ്പ്: "മന്ത്രവും ബ്രാഹ്മണവും ഒന്നാണെന്നും വേദത്തിന്റെ അവിഭാജ്യമായ അംശമാണ് ബ്രാഹ്മണമെന്നും ഒരു ചിന്താഗതി അങ്ങിങ്ങ് നിലവിലുണ്ടെന്നു തോന്നുന്നു. രാധാകൃഷ്ണനെപ്പോലുള്ള ചിന്തകന്മാർപോലും വേദത്തിന് സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നിങ്ങനെ നാലു ഖണ്ഡങ്ങൾ ഉണ്ടെന്നു വാദിക്കുകയും ഈ വാദത്തിന് ഉറപ്പുകൊടുക്കാൻ 'മന്ത്രബ്രാഹ്മണയോർ വേദനാമധേയം' എന്ന ആപസ്തംബന്റെ വചനം ഉദ്ധരിക്കുകയും ചെയ്യുകാണാം." അഴീക്കോട് രാധാകൃഷ്ണനോട് വിയോജിച്ചത് യാഥാർത്ഥ്യം തന്നെയാണ്. ഡോയ്സനോടുള്ള വിയോജിപ്പ്, "അസുരന്മാരുടെ ഉപനിഷത്ത്" എന്ന ഛാന്ദോഗ്യോപനിഷത്തിലെ പ്രയോഗത്തെ സംബന്ധിച്ചാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വികലസിദ്ധാന്തങ്ങൾക്ക് ഉപനിഷത്ത് എന്ന പേർ ആകാമെന്ന ഡോയ്സന്റെ വാദത്തെയാണ് അഴീക്കോട് ഖണ്ഡിച്ചിരിക്കുന്നത്. ആ ഖണ്ഡനം അർത്ഥവത്താണ്. ഇങ്ങനെ യോജിച്ചും വിയോജിച്ചും വാദപ്രതിവാദങ്ങളിലൂടെയാണ് ഗ്രന്ഥരചന നിർവഹിച്ചിരിക്കുന്നത്.

സാഹിത്യത്തിലും തത്ത്വചിന്തയിലും രാഷ്ട്രീയത്തിലും സാംസ്കാരത്തിലുമിടപെട്ട് വൈകാരികമായി പ്രതികരിച്ചും പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിച്ചും പ്രതിസന്ധികളിൽ സാന്ത്വനത്തിന്റെ ശീതോപചാരം ചെയ്തും എന്നും കെടാതെ കത്തിനിന്ന അഴീക്കോടെന്ന ഈ ദീപസ്തംഭം കേരളത്തിന്റെ ഇരുട്ടുകളിൽ നാലുപാടും വെളിച്ചം വിതറിനിൽക്കുന്നു. അന്തിമവിശകലനത്തിൽ സാഹിത്യ വിമർശകനും വാഗ്മിയും പ്രഭാഷകനും സംസ്കാര ചിന്തകനുമെന്നതിനേക്കാൾ കേരളത്തിന്റെ തത്ത്വചിന്തകൻ എന്ന നിലയിലായിരിക്കും അദ്ദേഹം അനുസ്മരിക്കപ്പെടുക. സത്വരമായി പ്രതികരിക്കുന്ന ഒരു പ്രക്ഷോഭകാരിയുടെ മനസ്സാണ് അഴീക്കോടിന്റേത്. ക്ഷിപ്രമായി പ്രശാന്തമാകുന്ന പ്രവാചകന്റെ സമചിത്തതയും അദ്ദേഹത്തിന്റെ പ്രകൃതത്തിന്റെ മഹിമയാണ്. സ്വയം പരിഹസിക്കുന്ന സ്വഭാവവും അഴീക്കോടിന്റെ സ്വഭാവത്തിന്റെ സവിശേഷതയാണ്. അദ്ദേഹത്തിന്റെ ചേട്ടൻ കെ.ടി. ഗോപാലകൃഷ്ണൻ പറയുന്നത് ശ്രദ്ധിക്കുക: "ഇത്ര വലിയ 'ജ്ഞാനവൃദ്ധനും യശോവൃദ്ധനും' ആയിട്ടും സുകുമാരന്റെ ഹൃദയം ഇന്നും കൊച്ചുകുട്ടിയുടേതുപോലെയാണ്."

ഈ കൊച്ചുകുട്ടിയാണ് നമ്മുടെ മഹാനടൻ മോഹൻലാലിനോട് കയർത്തത്. ഇതേ കൊച്ചുകുട്ടി തന്നെയാണ് കെ. കരുണാകരനോടും വി.എസ്സിനോടും കേറിക്കയർത്തിട്ടുള്ളത്. തിലകനുവേണ്ടി വാദിച്ചതും ഇതേ പൈതൽ തന്നെയാണ്. ഈ കുട്ടിത്തത്തെയാണ് 'ചിത്തശുദ്ധി'യെന്ന് ശങ്കരാചാര്യർ വാഴ്ത്തിയിരിക്കുന്നത്. ചിത്തശുദ്ധിയാണ് ഉപനിഷത് പഠനത്തിനുവേണ്ട ഒന്നാമത്തെ അർഹത. അത് അഴീക്കോടിന് വേണ്ടുവോളമുണ്ട്. ചിത്തശുദ്ധി പൈതൃക ധനമായി ജന്മനാ ലഭിച്ച ഈ അനുഗൃഹീതനായ ആചാര്യൻ 'തത്ത്വമസി'യിലൂടെ കേരളത്തിന്റെ സാംസ്കാരിക ജീവിതത്തെ എന്നും വെളിച്ചത്തിലേക്ക് നയിക്കട്ടെ. ■